പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3720 — 15/12/2014 ൽ മറുപടിയ്ക്ക്

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.രാധാകൃഷ്ണൻ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാസഹായമായി അനുവദിക്കുന്ന തുക സർക്കാർ ഉത്തരവ് ഉണ്ടായിട്ടും എന്തു കൊണ്ടാണ് ബന്ധപ്പെട്ട കളക്ടറേറ്റുകളിൽ നിന്നും വിതരണം ചെയ്യാൻ കാലതാമസമുണ്ടാകുന്നതെന്ന് പറയാമോ; | (എ) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യവും ആയതനുസരിച്ചുള്ള ഫണ്ടിന്റെ ലഭ്യതക്കുറവും കാരണം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. |
| (ബി) ചികിത്സാ സഹായം അനുവദിച്ചു കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് അപേക്ഷകൾ ശുപാർശ ചെയ്യുന്ന എം.എൽ.എ. മാർക്കും ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (ബി) ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ.